**അഴിമതി തടയാൻ ശക്തമായ നിയമമുണ്ടാവുക എന്നതാണ് പ്രധാനമെന്നും ആ നിയമം ഫലപ്രദമായി നടപ്പിലാക്കാൻ തുടർന്നും ഇടപെടലുകൾ വേണ്ടിവരുമെന്നും കെ. വേണു**

# അഴിമതി സാമൂഹികമാണ്

എല്ലാ സമരരൂപങ്ങളും ദീർഘകാലം പ്രയോഗത്തിൽ വരുത്തുമ്പോൾ അതിന്റെ പുതുമയും പ്രാധാന്യവും നഷ്ടമാകുന്നത് സ്വാഭാവികമാണ്. ഉപവാസ സമരങ്ങൾക്കും സത്യാഗ്രഹങ്ങൾക്കും അത് സംഭവിച്ചിട്ടുണ്ട്. ഉയർന്ന മൂല്യബോധത്തോടെ വ്യക്തികൾ ചെയ്യേണ്ട പ്രവർത്തിയായാണ് ഗാന്ധിജി സത്യാഗ്രഹം വിഭാവനം ചെയ്തത്. എന്നാൽ ആ മൂല്യബോധമെല്ലാം നമ്മുടെ രാഷ്ട്രീയ പാർട്ടികൾ നഷ്ടപ്പെടുത്തി. തങ്ങളുടെ സാന്നിദ്ധ്യമറിയിക്കാനുള്ള സമരരൂപമായി രാഷ്ട്രീയപാർട്ടികൾ സത്യാഗ്രഹങ്ങളെമാറ്റി. തങ്ങൾ എന്തെങ്കിലും ചെയ്യുന്നതായി ജനങ്ങളെ കാണിക്കുന്നതിന് ഇടയ്ക്കിടെ സത്യാഗ്രഹങ്ങളും ഉപവാസസമരങ്ങളും നടത്തി. ഏറെ നാളായി സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ നിലവാരതകർച്ച ഈ സമരരൂപങ്ങളുടെ സ്വീകാര്യത കുറച്ചു.

അന്നാഹസാരെയുടെ സമരത്തിന്റെ തുടർച്ച എന്ന നിലയിലുള്ള പ്രാധാന്യമാണ് രാംദേവിന്റെ സമരത്തിന് കിട്ടിയത്. പൊതുസമൂഹത്തിൽ വ്യാപകമായിരിക്കുന്ന അഴിമതി തടയാനുള്ള പ്രായോഗിക നിർദ്ദേശങ്ങൾ ഹസാരെയുടെ സമരം മുന്നോട്ട് വയ്ക്കുന്നുണ്ട്. അഴിമതി തടയുക എന്നത് വ്യാപകമായ പിന്തുണ ലഭിക്കുന്ന വിഷയമാണ്. അതാണ് ആ സമരങ്ങൾക്ക് ഇത്രയേറെ പിന്തുണ കിട്ടാൻ കാരണം. എന്നാൽ മേധപട്കർ നടത്തിയ സമരം ഒരു പ്രത്യേക മേഖലയുമായി ബന്ധപ്പെട്ട അഴിമതി മാത്രമാണ് വിഷയമാക്കിയത്. ചെറിയ പ്രദേശത്ത് മാത്രം ബാധിക്കുന്ന വിഷയമായതിനാലാണ് അതിന് വലിയ രീതിയിലുള്ള പിന്തുണ കിട്ടാതെ പോയത്. എന്നാൽ ലോക്പാൽ പോലെ അഴിമതി തടയുന്നതിനുള്ള ഒരു ബിൽ പാസാക്കുക എന്ന വലിയ ആവശ്യമാണ് ഹസാരെയുടെ സമരം മുന്നോട്ട് വച്ചത്.

അന്നാഹസാരെ ഇതിന് മുൻപും പല തരത്തിലുള്ള സമരങ്ങൾ പല വിഷയങ്ങളുമായി ബന്ധപ്പെട്ട് നടത്തിയിട്ടുണ്ട്. എന്നാൽ അതിനൊന്നും വേണ്ടത്ര പിന്തുണയോ മാധ്യമ ശ്രദ്ധയോ കിട്ടിയിരുന്നില്ല. അഴിമതി പോലെയുള്ള ചില പ്രത്യേക വിഷയങ്ങൾ ചില പ്രത്യേക സന്ദർഭത്തിൽ അവതരിപ്പിക്കുമ്പോഴുണ്ടാകുന്ന പിന്തുണയും ഹസാരെയുടെയും രാംദേവിന്റെയും സമരത്തിന് ലഭിച്ചു.

നിലവിലുള്ള ജനാധിപത്യ വ്യവസ്ഥയിൽ അംഗീകരിക്കപ്പെട്ടുപോകുന്ന സമ്പ്രദായവുമായി ഹസാരെയുടെയും രാംദേവിന്റെയും സമരങ്ങൾ പൊരുത്തപ്പെടുന്നില്ല. തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളും നിയമനിർമ്മാണസഭകളും നിലനിൽക്കുമ്പോൾ അവയ്ക്ക് പുറത്ത് തീരുമാനങ്ങൾ ഉണ്ടാകുന്നത് ജനാധിപത്യ സമ്പ്രദായത്തെ പ്രശ്നത്തിലാക്കുന്നു.

കരട് നിയമം നടപ്പിലാക്കുന്നതിൽ പൊതുസമൂഹത്തിന്റെ പ്രതിനിധികളെ ഉൾപ്പെടുത്താൻ കഴിഞ്ഞു എന്നത് നേട്ടമാണ്. അവർ പൊതുസമൂഹത്തെ പ്രതിനിധീകരിക്കുന്നുണ്ടോ എന്നതാണ് മറ്റൊരു ചോദ്യം. ഒരു പൊതുവികാരത്തിന്റെ ഭാഗമായി ഉയർന്നുവരുന്നവരെ പൊതുസമൂഹത്തിന്റെ പ്രതിനിധികളായി കരുതാം. സ്വാതന്ത്ര്യസമരകാലത്തും പൊതുസമൂഹത്തിന്റെ പ്രതിനിധികളെ നിശ്ചയിച്ചിരുന്നത് അത്തരത്തിലാണ്. ബഹുഭൂരിപക്ഷം ജനങ്ങളുടെയും വികാരം മനസിലാക്കുന്നതിന് കണക്കെടുപ്പ് നടത്തേണ്ടതില്ല. അഴിമതിക്കെതിരെയും അത്തരത്തിലുള്ള ഒരു പൊതുവികാരം ഉണ്ടായിട്ടുണ്ട്.

അഴിമതി തടയാൻ ശക്തമായ നിയമമുണ്ടാവുക എന്നതാണ് പ്രധാനം. ആ നിയമം ഫലപ്രദമായി നടപ്പിലാക്കാൻ തുടർന്നും ഇടപെടലുകൾ വേണ്ടിവരും. വിവരാവകാശ നിയമം ഉണ്ടായത് വലിയ നേട്ടമാണ്. ആ നിയമം ഫലപ്രദമായി ഉപയോഗിക്കുന്നതിലൂടെയുണ്ടാകുന്ന ഗുണങ്ങൾ സമൂഹത്തിൽ പ്രതിഫലിക്കുന്നുണ്ട്. അഴിമതി തടയുന്നതിനുള്ള നിയമം നിർമ്മിച്ചാൽ അതും ഇത്തരത്തിൽ പ്രയോഗത്തിൽ വരുത്താൻ കഴിയും.

അഴിമതി സാമൂഹികമായ പ്രശ്നമാണ്. വ്യക്തിപരമല്ല. സാമൂഹികാന്തരീക്ഷമാണ് അഴിമതി സാധ്യമാക്കുന്നത്. വ്യക്തികൾക്ക് മാത്രമായി അഴിമതി ചെയ്യാൻ കഴിയില്ല. പലരും അഴിമതി നടത്തുന്നതിൽ നിന്നും പിന്മാറാൻ ശ്രമിക്കുന്നുണ്ടെങ്കിലും അതിന് കഴിയാതെ പോകുന്നത് അഴിമതി സാമൂഹികമായതുകൊണ്ടാണ്. അതിനാൽ പരിഹാരം കാണേണ്ടതും സാമൂഹികമായിതന്നെയാണ്.

*(രാഷ്ട്രീയ പ്രവർത്തകൻ, കെട്ടിടനിർമ്മാതാവ് )*